# നീര ശില്പശാല പത്തിന്

1/3/15 Kerala Kaumudi

കാസർകോട്: നീരയുമായി ബന്ധപ്പെട്ട ബോധവത്കരണം ലക്ഷ്യം വച്ച് മാർച്ച് പത്തിന് ശില്പശാല സംഘടിപ്പിക്കുമെന്ന് ഡയറക്ടർ ഡോ. ചൗഡപ്പ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

സി.പി.സി.ആർ.ഐ വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ ഉപയോഗിച്ച് നീര വിപണിയിൽ ഇറക്കിയിരിക്കുകയാണ്. പുളിക്കാതെ ശേഖരിക്കുന്ന നീര തണുപ്പിച്ച് ഉപയോഗിക്കാനും ദിവസങ്ങളോളം സൂക്ഷിച്ചുവെക്കാനും സംവിധാനമുണ്ട്. ഇതിൽ നിന്നു പഞ്ചസാര, തേൻ, വെല്ലം, പഴച്ചാറ് മുതലായവ ഉണ്ടാക്കാനും സാധിക്കുമെന്ന് ഡയറക്ടർ അറിയിച്ചു.

സി.പി.സി.ആർ.ഐ സാങ്കേതികവിദ്യ ഉപയോഗിച്ച് നീര ഉത്പാദിപ്പിക്കുന്നതിന് പൊതുജനങ്ങൾക്കും പരിശീലനം നൽകും. 15 തെങ്ങുകൾ നീര ഉത്പാദനത്തിനായി ഉപയോഗിക്കുകയാണെങ്കിൽ കർഷകന് ഒരു മാസം 45,000 രൂപ വരുമാനമുണ്ടാവും. നീര ടെക്നീഷ്യന് 20,000 രൂപയും ലഭിക്കും. രാജ്യത്താകമാനമുള്ള 20 ലക്ഷം തെങ്ങുകളുടെ പത്ത് ശതമാനം ഉപയോഗിക്കുകയാണെങ്കിൽ പരമ്പരാഗതമായ രീതിയിൽ ഒരു ലിറ്റർ ഒരു ദിവസമെന്ന തോതിൽ ഉത്പാദിപ്പിക്കാം. ഇതുവഴി 36,000 കോടി രൂപയുടെ വരുമാനം ഉണ്ടാകും. ഇത് കർഷകരുടെ ജീവിതനിലവാരം ഉയർത്താൻ പര്യാപ്തമാകുമെന്നും അദ്ദേഹം പറഞ്ഞു.

നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സിന്റെ സഹകരണത്തോടെയാണ് സി.പി.സി.ആർ.ഐ ഹാളിൽ ശിൽപശാല ഒരുക്കുന്നത്. വാർത്താസമ്മേളനത്തിൽ സി.പി.സി.ആർ.ഐയിലെ ഡോ. ഹെബ്ബാർ, ഫാറൂഖ് കാസ്സി, മനാഫ് നുള്ളിപ്പാടി, ശ്യാംകുമാർ എന്നിവർ സംബന്ധിച്ചു.